പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2075 18/03/2015-ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യിൽ കരാറടിസ്ഥാനത്തിലോടുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിലെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) ബോർഡിന്റെ ഉടമസ്ഥതയിലുള്ളതോ കരാറടിസ്ഥാനത്തിലുള്ളതോ ആയ ജീപ്പുകൾ സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഇലക്ട്രിക് ലൈനിൽ വരുന്ന തകരാറുകൾ, ഉപഭോക്താക്കളുടെ പരാതി പരിഹാരം മറ്റ് ഓഫീസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു. ഡിവിഷൻ ഓഫീസിന്റെയും സബ്-ഡിവിഷണൽ സ്റ്റോറിന്റെയും അധീനതയിലുള്ള ലോറികൾ സാധനസാമഗ്രികൾ കൊണ്ടുവരുന്നതിനായി ഉപയോഗിക്കുന്നു. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) കെ.എസ്.ഇ.ബി. ഓഫീസുകളിൽ വാഹനങ്ങൾ കോൺട്രാക്ട് വ്യവസ്ഥയിൽ ഓടുന്നുണ്ടോ; ഏതെല്ലാം തരം വാഹനങ്ങളാണ് കരാറടിസ്ഥാനത്തിൽ ഓടിക്കുന്നത്; ഓരോ കെ. എസ്.ഇ.ബി. ഓഫീസിലും ഇത്തരത്തിൽ പരമാവധി എത്ര വാഹനങ്ങൾവരെ ഉപയോഗിക്കാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. വിതരണ വിഭാഗത്തിൽ കാർ, ജീപ്പ്, ലോറി എന്നിവ കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നു.<br><br>സാധാരണ ഗതിയിൽ ഓരോ ഓഫീസിനും ഒരു വാഹനമാണ് നിലവിലുള്ളത്. എന്നാൽ ട്രാൻസ്ഫോർമർ-മെയിന്റനൻസ്-റിപ്പയർ യൂണിറ്റിന് ഒരു അധിക ലോറിയും 10-ൽ അധികം സെക്ഷനോഫീസുകൾ ഉള്ള ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകൾക്ക് ഒരു അധിക ലോറിയും അനുവദിച്ചിട്ടുണ്ട്. |

എ.പി.റ്റി.എസ്സിന്റെ സതേൺ റീജിയൺ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉപയോഗത്തിനായി ടാറ്റാ സഫാരി എന്ന യൂട്ടിലിറ്റി വാഹനം കരാറടിസ്ഥാനത്തിൽ ഓടുന്നുണ്ട്. ടി ഓഫീസിൽ പരമാവധി ഒരു വാഹനം മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ.

പ്രസരണ വിഭാഗത്തിൽ കാർ, ജീപ്പ്, ടെമ്പോ ട്രാവലർ, ബോട്ട്, ലോറി എന്നീ വാഹനങ്ങളാണ് കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നത്. സാധാരണ ഗതിയിൽ ഒരു വാഹനമാണ് ഒരു ഓഫീസിന് അനുവദിച്ചിട്ടുള്ളത്. സാധനസാമഗ്രികൾ, ടെസ്റ്റിംഗ് ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് ചില സന്ദർഭങ്ങളിൽ പ്രത്യേക വാഹനം ആവശ്യമായി വരാറുണ്ട്.

വൈദ്യുതി ബോർഡിന്റെ മറ്റ് ഓഫീസുകളിൽ ജീപ്പ്, കാർ തുടങ്ങിയ വാഹനങ്ങളാണ് സാധാരണ കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നത്. ആവശ്യകത അനുസരിച്ച് മുൻകൂർ അനുമതി വാങ്ങിയാണ് വാഹനങ്ങൾ കരാറടിസ്ഥാനത്തിൽ ഉപയോഗിക്കുന്നത്.

(സി) കരാറടിസ്ഥാനത്തിൽ ഓടിക്കുന്ന വാഹനങ്ങൾക്ക് ഒരു മാസം പരമാവധി എത്ര കിലോമീറ്റർ വരെ ഓടാം എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ; ഇവയ്ക്ക് ഒരു മാസം നൽകാവുന്ന പരമാവധി തുകയെത്രയാണെന്നും കിലോമീറ്ററൊന്നിന് എത്ര രൂപയാണ് നൽകുന്നതെന്നും വിശദമാക്കാമോ ;

(സി) വിതരണ വിഭാഗത്തിൽ വിവിധ തലത്തിലുള്ള ഓഫീസുകളുടെ പ്രവർത്തന പരിധിക്കനുസൃതമായി വാഹനത്തിന്റെ പ്രതിമാസ കിലോമീറ്റർ പരിധി 1500 കി.മീ. മുതൽ 3000 കി.മീ. വരെ ആയി നിജപ്പെടുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസുകളെ, ഉപഭോക്താക്കളുടെ എണ്ണം, സെക്ഷൻ ഓഫീസിന്റെ വിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി എ, ബി, സി എന്നീ കാറ്റഗറികളായി തരം തിരിച്ച് 1500 കി.മീ., 1750 കി.മീ., 2000 കി.മീ., എന്നീ പരിധിക്കുള്ളിൽ വാഹനം ഓടിയ്ക്കാവുന്നതിനുള്ള ഉത്തരവാണ് നിലവിലുള്ളത്. കൂടാതെ

അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് അദ്ദേഹത്തിന്റെ അധീനതയിലുള്ള ഓഫീസുകളിൽ, പ്രതിമാസം 500 കി.മീ. വരെ അധികമായി ഓടിയതിനുള്ള അനുവാദം നൽകാവുന്നതാണ്.

1500 സി.സി വരെ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങൾക്ക് കി. മീറ്ററിനു 12/- രൂപയും, 1500 സി.സി.യ്ക്ക് മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾക്ക് 15/- രൂപയുമാണ് നിലവിലുള്ള നിരക്ക്. കൂടാതെ സെക്ഷൻ ഓഫീസുകളിൽ 24 മണിക്കൂറും വാഹനം ലഭ്യമാക്കുന്നത് കൊണ്ട് ദിവസം 500/- രൂപ നിരക്കിൽ അധിക തുകയും നൽകുന്നുണ്ട്. മേൽ പറഞ്ഞിരിക്കുന്ന നിരക്കും ദൂരപരിധിയും അനുസരിച്ച് തുക കണക്കാക്കുന്നു.

എ.പി.റ്റി.എസ്സിൽ ഉപയോഗിക്കുന്ന വാഹനത്തിന് കിലോമീറ്റർ പരിധി നിശ്ചയിച്ചിട്ടില്ല. ഒരു മാസത്തിൽ ഓടുന്ന ആദ്യത്തെ 1500 കിലോമീറ്ററിന് 14.75 രൂപ നിരക്കിലും അതിനു മുകളിൽ വരുന്ന ഓരോ കിലോമീറ്ററിനും 13.50 രൂപ നിരക്കിലും നൽകി വരുന്നു.

പ്രസരണ വിഭാഗത്തിൽ വിവിധ ഓഫീസുകൾക്കായി 1500 കി.മീ, 2000 കി.മീ, 3000 കി.മീ എന്ന് പരിധി നിശ്ചയിച്ചിട്ടുണ്ട്. ദർഘാസ് ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്കിലാണ് കരാർ നൽകുന്നത്. ഗവൺമെന്റ് നിരക്കിൽ (അതായത് 1500 CC യിൽ താഴെ കിലോമീറ്ററിന് 12 രൂപ, 1500 CC ക്കും അതിന് മുകളിലും 15 രൂപ) വാഹനം ലഭ്യമല്ലാതെ വരുമ്പോൾ വാഹനത്തിന്റെ ആവശ്യകതയുടെ പ്രാധാന്യം കണക്കിലെടുത്ത് ഉയർന്ന നിരക്കുകൾക്ക് അംഗീകാരം നൽകാറുണ്ട്. ദൂരപരിധിക്കും, കി.മീ. നിരക്കിനും

ആനുപാതികമായി തുക വ്യത്യസ്തമായിരിക്കും.

വൈദ്യുതി ബോർഡിന്റെ മറ്റ് ഓഫീസുകളിൽ ഓഫീസറുടെ പ്രവർത്തന മേഖലയും പദവിയും അനുസരിച്ചാണ് കിലോമീറ്റർ നിജപ്പെടുത്തുന്നത്. 23.02.2015-ലെ പുതുക്കിയ ഓർഡർ അനുസരിച്ച് 1500 സി.സി.ക്ക് താഴെയുള്ള വാഹനങ്ങൾക്ക് കിലോമീറ്ററിന് 12/-രൂപയും 1500 സി.സിക്ക് മുകളിലുള്ള വാഹനങ്ങൾ കിലോമീറ്ററിന് 15/- രൂപയുമാണ് നിരക്ക്.

(ഡി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ളത്; തകരാറുകൾ പരിഹരിക്കുന്നതിനായി പോകുന്നതിനും കെ.എസ്. ഇ.ബി. സ്റ്റോറുകളിൽ നിന്നും സാധന സാമഗ്രികൾ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും ഈ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടോ ;

(ഇ) കെ.എസ്.ഇ.ബി. ഓഫീസുകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് ഏതെല്ലാം ആവശ്യങ്ങൾക്കായി ഈ വാഹനങ്ങൾ ഉപയോഗിക്കാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

<u>(ഡി) യും (ഇ)യും</u>

വിതരണ മേഖലയിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും ഔദ്യോഗിക ആവശ്യങ്ങൾക്കായും വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനും കെ.എസ്.ഇ.ബി സ്റ്റോറുകളിൽ നിന്നും സാധനസാമഗ്രികൾ കൊണ്ട് വരുന്നതിനും പോകുന്നതിനും വാഹന ങ്ങൾ ഉപയോഗിക്കുന്നു.

എ.പി.റ്റി.എസ്സ് സതേൺ റീജിയണിലുള്ള വാഹനം വൈദ്യുതി മോഷണം, ദുരുപയോഗം തുടങ്ങിയവ കണ്ടുപിടിക്കുന്നതിനുള്ള ദൈനംദിന പരിശോധനകൾക്കായി ഉപയോഗിക്കുന്നു.

എ.പി. റ്റി.എസ്. വിഭാഗത്തിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറും സതേൺ റീജിയൺ എക്സിക്യൂട്ടീവ് എഞ്ചിനീയറും ടി വാഹനം ഉപയോഗിക്കുന്നുണ്ട്.

പ്രസരണ വിഭാഗത്തിൽ തകരാറുകൾ പരിഹരിക്കുന്നതിനും സാധനസാമഗ്രികൾ കൈകാര്യം ചെയ്യുന്നതിനും വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ഔദ്യോഗികാവശ്യങ്ങൾക്കാണ് വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത്.

വൈദ്യുതി ബോർഡിന്റെ മറ്റ് ഓഫീസുകളിൽ ഔദ്യോഗിക ആവശ്യങ്ങൾക്കാണ് സാധാരണ കരാറിലുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നത്.

(എഫ്) കെ.എസ്.ഇ.ബി. ഓഫീസുകളിലെ ആവശ്യങ്ങൾക്കായി കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എഫ്) മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചാണ് കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ എടുക്കുന്നത്. ടെൻഡറിൽ എല്ലാ വിവരങ്ങളും നിബന്ധനകളും ഉൾക്കൊള്ളിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**